## പാഠം 4

# യേശു ദേവാലയം ശുദ്ധീകരിക്കുന്നു

**വേദഭാഗം** : യോഹ.2:13-22, മത്താ.21:12-16, മർക്കോ: 11:15-18, ലൂക്കോ.19:45-46

**തങ്കവാക്യം** : 1 കൊരി.3:16

*നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുയെന്നും അറിയുന്നില്ലയോ?*

**പാഠം**

ഒരു വിശിഷ്ട അതിഥി നമ്മുടെ വീട്ടിൽ വരുമെന്നറിഞ്ഞാൽ നാം വീടും പരിസരവുമെല്ലാം വൃത്തിയാക്കും. അതു പോലെ വീട്ടിൽ ഒരു കല്യാണമോ, മറ്റ് എന്തെങ്കിലും വിശേഷമോ വരുമ്പോഴും അങ്ങനെ ചെയ്യും. നമ്മുടെ ആരാധനാസ്ഥലങ്ങളും നാം ഇടയ്ക്കിടെ വൃത്തിയാക്കുന്നു. നമ്മുടെ കർത്താവായ യേശു ആഗ്രഹിക്കുന്നത് ബാഹ്യമായ ശുചീകരണം മാത്രമല്ല ആന്തരികമായ ശുചീകരണം കൂടിയാണ്. യേശു ഈ ലോകത്തിൽ പരസ്യ ശുശ്രൂഷ ആരംഭിച്ച സമയത്തും തന്റെ ശുശ്രൂഷയുടെ അവസാനഘട്ടത്തിലും യെരുശലേം ദേവാലയം ശുദ്ധീകരിച്ചതായി നാം വേദ പുസ്തകങ്ങളിൽ നിന്നും മനസ്സിലാക്കുന്നു. ആ




## Lesson 4

# JESUS CLEANSES THE TEMPLE OF GOD

**Scripture** : John 2:13-22, Matthew 21:12-16, Mark 11:15-18, Luke 19:45&46

**Memory Verse** : 1 Corinthians 3:16

*Don't you know that you yourselves are God's temple and that God's Spirit dwells in your midst?*

**Lesson**

We will clean up our houses and its surroundings if we come to know that an honorable guest is visiting us. We do the same if there is an important occasion such as marriage in our house. We often clean up our Worship places as well. It is not only an outward cleanliness our Lord Jesus Christ seeks from us, but also our internal purification. We understand from the Bible that Jesus purified the Temple of Jerusalem during the early days and also before the end of His public ministry. Let us study those events today.

**The Passover feast.**

The people of Israel observed the Passover

സംഭവങ്ങൾ നമുക്ക് പഠിക്കാം.

### പെസഹാ പെരുനാൾ

യിസ്രയേൽ മക്കൾ മോശയുടെ കാലത്ത് മിസ്രയീമിൽ നിന്ന് വിടുവിക്കപ്പെട്ടതിന്റെ ഓർമ്മയ്ക്കായി അവർ എല്ലാവർഷവും പെസഹാ ആചരിക്കുക പതിവായിരുന്നു. ആ അവസരത്തിൽ യഹൂദന്മാർ അവർ പാർക്കുന്ന സ്ഥലങ്ങളിൽ നിന്ന് യെരുശലേം ദേവാലയത്തിൽ വരികയും യാഗങ്ങൾ അർപ്പിക്കുകയും ചെയ്യും. യേശുവിന്റെ പരസ്യ ശുശ്രൂഷാ വേളയിൽ 4 പെസഹാ പെരുന്നാളിനും യേശു പോയിരുന്നു. യേശു ദൈവത്തിന്റെ നിയമങ്ങളേയും കല്പനകളേയും ആദരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. നിസ്സാരമായ തടസ്സങ്ങൾ പറഞ്ഞ് ആരാധനകളിൽ നിന്ന് ഒഴിഞ്ഞുമാറുന്ന അനുഭവം തനിക്കില്ലായിരുന്നു. പക്ഷേ ദേവാലയത്തിൽ കണ്ട അനീതിയേയും അശുദ്ധിയേയും യേശു എതിർത്തിരുന്നു. രണ്ടു പ്രാവശ്യം ദേവാലയത്തെ ശുദ്ധീകരിച്ചതായിട്ടും കാണുന്നു.

### ഒന്നാം ശുദ്ധീകരണം യോഹ. 2:13 – 22

യേശു തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചത് ഗലീലയിൽ ആയിരുന്നു. യേശു ശിഷ്യന്മാരോടുകൂടി വിവിധ സ്ഥലങ്ങളിൽ പോയി സുവിശേഷം പ്രസംഗിക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്തുകൊണ്ടിരുന്നു. യഹൂദന്മാരുടെ പെസഹാപെരുന്നാൾ അടുത്തു. അതിൽ സംബന്ധിക്കുവാൻ യേശു ശിഷ്യന്മാരോടുകൂടി യെരുശലേമിലേക്കു പോയി. അക്കാലത്ത് തീവണ്ടിയോ ബസ്സോ ഒന്നും ഇല്ലായിരുന്നു. നടന്നായിരിക്കാം പോയത്. യെരുശലേമിലെത്തിയ ശേഷം അവിടെയുണ്ടായിരുന്ന ദേവാലയത്തിലേക്കു പോയി. നിങ്ങൾ ഏതെങ്കിലും പെരുന്നാളിനു പോയിട്ടുണ്ടോ? അവിടെ എന്തെല്ലാം കാണുവാൻ കഴിയും? യെരുശലേം ദേവാലയത്തിലും ചുറ്റുപാടും വലിയ ആൾക്കൂട്ടമായിരുന്നു. ഇന്ന് പെരുന്നാൾ സ്ഥലങ്ങളിൽ കാണപ്പടുന്നതുപോലെ അവിടേയും ധാരാളം കച്ചവടക്കാരും കവർച്ചക്കാരും ഉണ്ടായിരുന്നു. ഒരു ഭാഗത്ത് പുരോഹിതന്മാർ പണത്തിനുവേണ്ടി ബലി കർമ്മങ്ങൾ നടത്തുന്നു. ദേവാലയത്തിനകത്തും കച്ചവടത്തിന് സ്ഥലം കൊടുത്തിരിക്കു

feast every year in remembrance of their deliverance from Egyptian slavery at the time of Moses. They gathered in Jerusalem temple from their native places and offered sacrifices. We understand that Jesus attended four Passover feasts at the time of His public ministry. Jesus paid respect to the commandments of God and obeyed them. He never avoided the Temple worship because of petty reasons. But He strongly protested against the unrighteous and impure activities in the Temple of God and hence, we understand that He purified the Temple twice.

### The first purification (John 2:13-22)

Jesus began His public ministry from Galilee. (Find Galilee, Nazareth and Capernaum in the map). He continued travelling to difference places with His disciples, preaching the Word of God and healing the sick. When it was the time for the Jewish Passover feast, Jesus with His disciples went up to Jerusalem to take part in that. They might have walked all the way to Jerusalem as there were no travel facilities such as trains or buses in those days. Have you ever gone to attend any festivals? What have you seen there? The Jerusalem Temple and the surroundings were crowded for the festival. As in any festivals today, there were also many merchants and thieves. The priests were offering sacrifices for money in one place. Even inside the Temple courts was a business place where men engaged in busy selling of cattle, sheep and dove for those who were coming from far off places. They had to buy those for high price and hence the merchants were richly profited. The profit was shared with the priests as well. On the other side, there were men engaged in money exchange. They were charging high commission for exchanging coins between Roman and Jewish currencies. There were other businesses as well. Bargaining and arguments were common. Business was given importance than worship in the Temple of God. Jesus walked

ന്നു. കാള, ആട്, പ്രാവ്, മുതലായവയുടെ വില്പന ധൃതിയിൽ നടക്കുന്നു. ദൂരസ്ഥലങ്ങളിൽ നിന്ന് വരുന്നവർക്ക് ബലി അർപ്പിക്കുവാൻ ഇവ ആവശ്യമാണല്ലോ. എന്തു വിലകൊടുത്തും വാങ്ങാൻ അവർ നിർബന്ധിതരാകുന്നു. കച്ചവടക്കാർ കൊള്ളലാഭം എടുക്കുന്നു. അതിന്റെ ഒരു ഭാഗം പുരോഹിതന്മാർക്കു ലഭിക്കുന്നു. വേറൊരു ഭാഗത്ത് നാണയങ്ങൾ മാറിക്കൊടുക്കുന്ന ഇടപാടാണ് നടക്കുന്നത്. റോമൻ നാണയം മാറി യഹൂദാ നാണയം നൽകുന്നതിന് വലിയ കമ്മീഷൻ അവർ എടുക്കും. മറ്റ് സാധനങ്ങളുടെ കച്ചവടവും എല്ലാം നടക്കുന്നു. വിലപേശലും തർക്കങ്ങളും ഒട്ടും കുറവില്ല. പ്രാർത്ഥനയ്ക്ക് ദേവാലയത്തിൽ സ്ഥാനമില്ല. കള്ളക്കച്ചവടത്തിനാണ് സ്ഥാനം. യേശു എല്ലായിടത്തും ചുറ്റിനടന്ന് ദേവാലയത്തിലെ മ്ലേച്ഛതകളെ കണ്ട് മനം നൊന്തു. പിതാവിന്റെ ഭവനമാണ് ദേവാലയം. അതു നോക്കാൻ ചുമതലയുള്ള പുരോഹിതന്മാർ തന്നെ അതിനെ അശുദ്ധമാക്കാനും നശിപ്പിക്കാനും മുൻകൈ എടുക്കുന്നതു കണ്ടിട്ട് കോപം നിറഞ്ഞ പുത്രൻ പിതാവിന്റെ ഭവനം ശുദ്ധീകരിക്കുവാൻ മുമ്പോട്ടുവരുന്നു. മഹാപുരോഹിതനും, പുരോഹിതന്മാരും, ലേവ്യരും ഒരു വലിയ ജനക്കൂട്ടവും നോക്കി നിൽക്കുമ്പോൾ യേശു കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി, ആടുമാടുകളേയും അവയുടെ കച്ചവടക്കാരേയും ദേവാലയത്തിനു പുറത്താക്കി. നാണയവ്യാപാരികളുടെ മേശകളെ മറിച്ചിട്ടു. പ്രാവുകളെ വിൽക്കുന്നവരോട് ഇതു ഇവിടെ നിന്ന് കൊണ്ടുപോകുവിൻ എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത് എന്നു പറഞ്ഞു. യേശു ചെയ്ത കാര്യം ശരിയാണെന്ന് വിശ്വസിച്ച ഒരു വലിയ സമൂഹം അവിടെ ഉണ്ടായിരുന്നു. പുരോഹിതന്മാരിലും ചിലർക്ക് ദേവാലയത്തിലെ നടപടികൾ തെറ്റാണെന്ന് അറിയാമായിരുന്നു. എങ്കിലും അവരാരും യേശുവിനെപ്പോലെ തിന്മയെ എതിർക്കുവാൻ മുതിർന്നില്ല. യേശു ചെയ്തത് തെറ്റായിപോയി എന്ന് അവർക്ക് ആർക്കും പറയുവാൻ കഴിഞ്ഞില്ല. യേശുവിന് ഇതിന് അധികാരം ഉണ്ടോ എന്നതായിരുന്നു അവരുടെ സംശയം.

യേശുവിന്റെ അധികാരം പിന്നീട് തന്റെ ഉയർത്തെഴുന്നേൽപ്പു മുഖാന്തരം തെളിയപ്പെടു

around the Temple of God and His heart was burdened with the ungodly activities he had seen there. The Temple belonged to God the Father. Jesus had seen the priests, who were supposed to be the care-takers, themselves being irresponsible and involving in spoiling the holiness of the Temple. He became furious at this sight and came forward to clean the House. While the high priest, the other priests, Levites and the crowd were looking, He made a whip out of cords and drove all out from the Temple including the sheep and cattle. He scattered the coins of the money-changers and overturned their tables. To those who sold doves He said, "Get these out of here! How dare you turn my Father's house in to a market?" Many among the crowd believed that what Jesus had done was right. Even some of the priests knew that the activities in the Temple were incorrect. But none of them dared to protest against the evil as Jesus did. Nobody could say what Jesus had done was wrong but only doubted whether He had the authority to do so.

Jesus answered them, "Destroy this Temple and I will raise it again in three days." He meant that His authority would be proved with His resurrection from the dead and the Jews misunderstood that He was talking about the Jerusalem Temple. But the Temple He had spoken of was His body.

## The second purification

Matthew 12:12-13, Mark 11:15-18

It is written in the Gospels according to Matthew, Mark and Luke that Jesus purified the Temple again during the last stage of His public ministry. As in the first time, he drove out all those who were buying and selling there. He said to them, "My House will be called a House of prayer, but you are making it a den of robbers." We understand that after this purification Jesus continued teaching in the Temple for some more days. God, in His mercy,

മെന്ന് യേശു സൂചിപ്പിച്ചു. ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്ന് യേശു പറഞ്ഞു. ഇത് യെരുശലേം ദേവാലയത്തെ കുറിച്ചാണെന്ന് യഹൂദന്മാർ തെറ്റിദ്ധരിച്ചു. എന്നാൽ യേശു പറഞ്ഞത് തന്റെ ശരീരമാകുന്ന മന്ദിരത്തെക്കുറിച്ചായിരുന്നു.

### രണ്ടാം ശുദ്ധീകരണം

**മത്താ. 21:12 – 13. മർക്കോ. 11:15 – 18**

മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവർ എഴുതിയ സുവിശേഷങ്ങളിൽ, യേശു തന്റെ പരസ്യ ശുശ്രൂഷയുടെ അവസാനഘട്ടത്തിൽ ദേവാലയത്തെ വീണ്ടും ശുദ്ധീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. മുൻ അവസരത്തിലെപോലെ വാങ്ങുന്നവരേയും വിൽക്കുന്നവരേയും ദേവാലയത്തിൽ നിന്നും പുറത്താക്കി. അവരോട് എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു എന്നു പറഞ്ഞു. ശുദ്ധീകരണത്തിനു ശേഷം ചില ദിവസങ്ങൾ യേശു ദേവാലയത്തിൽ ചെന്ന് ഉപദേശിച്ചതായും കാണുന്നു. ദൈവത്തിന്റെ ദയ യഹൂദജനത്തിന് വീണ്ടും വീണ്ടും മാനസാന്തരത്തിന് അവസരം നൽകുകയായിരുന്നു. എങ്കിലും അവർ യേശു മശിഹായെ തള്ളിക്കളയുകയാണുണ്ടായത്. തൽഫലമായി എ.ഡി. 70-ൽ യെരുശലേം ദേവാലയവും നഗരവും നശിപ്പിക്കപ്പെടുകയും യഹൂദന്മാർ ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് ചിതറിക്കപ്പെടുകയും ചെയ്തു.

നാം ഒരോരുത്തരും ദൈവത്തിന്റെ മന്ദിരമാണ്. ദൈവം നമ്മിൽ വസിക്കുവാൻ ആഗ്രഹിക്കുന്നു. പക്ഷെ ദൈവം വസിക്കുന്ന ആലയം ശുദ്ധമായിരിക്കണം. അത് പ്രാർത്ഥനാലയം ആയിരിക്കണം. നിങ്ങളുടെ ആലയത്തെ (ഹൃദയത്തെ) ശുദ്ധീകരിക്കുവാൻ യേശുവിനെ നിങ്ങൾ അനുവദിക്കുമോ? അസൂയ, പക, പിണക്കം, കോപം, അനുസരണക്കേട്, ദ്രവ്യാഗ്രഹം, മുതലായ എല്ലാ അശുദ്ധിയും മാറ്റി ദൈവസ്നേഹം കൊണ്ട് ഹൃദയത്തെ നിറയ്ക്കുവാൻ നമുക്കു പ്രാർത്ഥിക്കാം. എപ്പോഴും പ്രാർത്ഥനയും സ്തോത്രവും നമ്മിൽ നിന്നും ഉയരട്ടെ.

was giving the Jews another opportunity for repentance, but still they rejected Jesus, the Messiah. As the result, the city of Jerusalem and the Temple were destroyed and the Jews were scattered to many parts of the world.

We are the temple of God and God wants to dwell in us. But the temple He dwells should be holy and a house of prayer. Will you allow Jesus to sanctify the temple of God which is your heart? Let us pray for the cleansing of our hearts from the sinful nature such as envy, hatred, discord, wrath, disobedience etc and filling them with the love of God. Let the words of prayer and thanksgiving come out of us.

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം / *Write your notes here*

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർത്ഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. യേശുവിന്റെ പരസ്യശുശ്രൂഷാകാലത്ത് എത്ര പെസഹാ പെരുന്നാൾ ഉണ്ടായിരുന്നു? How many Passover feast were observed during the public ministry of Jesus?
2. യേശു യെരുശലേം ദേവാലയം എത്രപ്രാവശ്യം ശുദ്ധീകരിച്ചു? എപ്പോഴെല്ലാം? How many times Jesus purified the Temple of God? When ?
3. ദേവാലയത്തിലെ അശുദ്ധി കണ്ടപ്പോൾ യേശു എന്തു ചെയ്തു? What did Jesus do when He saw the Temple impure?
4. നിങ്ങളുടെ ഹൃദയമായ ദൈവാലയത്തിൽ യേശു പ്രവേശിക്കുന്ന തിനും അശുദ്ധിയെല്ലാം മാറ്റി അവിടെ വസിക്കുന്നതിനും നിങ്ങൾ പ്രാർത്ഥിക്കുമോ? Will you pray for the cleansing of your heart which is the temple of God and making it the dwelling place of Jesus?

**II. യേശു ദൈവാലയം ശുദ്ധീകരിച്ചത് എങ്ങനെ? How did Jesus purify the Temple?**



III. നിങ്ങളുടെ ഹൃദയമാകുന്ന ദേവാലയത്തിൽ യേശു പ്രവേശിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എന്തെല്ലാം ശുദ്ധീകരണം വരുത്തുവാൻ നിങ്ങൾക്കു കഴിയും.
**Do you desire Jesus to enter in to your heart, the temple of God? What purification will you be able to do?**

